# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 സെപ്തംബർ 26

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

സെപ്തംബർ 23, 27 തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ബി.എ./ബി.കോം. (സി.ബി.സി.എസ്. - 2017 അഡ്മിഷൻ റഗുലർ/സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി/2017ന് മുമ്പുള്ള അഡ്മിഷൻ - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ യഥാക്രമം ഒക്ടോബർ ഒൻപത്, 11 തീയതികളിൽ നടക്കും.

സെപ്തംബർ 23ന് നടത്താനിരുന്ന മൂന്നാം വർഷ ബി.എസ്‌സി. മെഡിക്കൽ മൈക്രോബയോളജി (2015 അഡ്മിഷൻ, 2008-2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകൾ സെപ്തംബർ 30ന് നടക്കും.

സെപ്തംബർ 23ന് നടത്താനിരുന്ന ഒന്നും, രണ്ടും, മൂന്നും, നാലും സെമസ്റ്റർ എം.സി.എ. സ്പെഷൽ മേഴ്‌സി ചാൻസ് (2007 - 2010 അഡ്മിഷൻ - അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾ സെപ്തംബർ 30ന് നടക്കും.

സെപ്തംബർ 23, 27 തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്/മേഴ്‌സി ചാൻസ്) പരീക്ഷകൾ യഥാക്രമം ഒക്ടോബർ 14, 16 തീയതികളിൽ നടക്കും.

സെപ്തംബർ 23ന് അഫിലിയേറ്റഡ് കോളേജുകളിൽ നടത്താനിരുന്ന ഒൻപതാം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷകൾ ഒക്ടോബർ 10ന് നടക്കും.

സെപ്തംബർ 27ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ബി.വോക് (2014 സ്കീം - 2018 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 14ന് നടക്കും. പരീക്ഷകളുടെ സമയം, പരീക്ഷകേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ./39/1733/2019)

## എം.ബി.എ. സൂക്ഷ്മപരിശോധന

2018 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ. പരീക്ഷയുടെ വിവിധ പേപ്പറുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ ഒക്ടോബർ മൂന്ന്, നാല് തീയതികളിൽ രാവിലെ 11 നും വൈകീട്ട് നാലിനും ഇടയിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ ഇ.ജെ. 8 (റൂം നമ്പർ 226) സെക്ഷനിൽ അസൽ തിരിച്ചറിയൽ രേഖകളുമായി എത്തണം.

(പി.ആർ.ഒ./39/1734/2019)

## പരീക്ഷഫലം

2019 ജൂലൈയിൽ സ്കൂൾ ഓഫ് ബയോസയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. മൈക്രോബയോളജി, ബയോടെക്നോളജി, ബയോകെമിസ്ട്രി, ബയോഫിസിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1735/2019)

2019 ജൂലൈയിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ എം.ടെക് പോളിമർ സയൻസ് ആന്റ് ടെക്നോളജി (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1736/2019)

2019 ജൂലൈയിൽ സ്കൂൾ ഓഫ് ബയോസയൻസസിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. മൈക്രോബയോളജി, ബയോളജി, ബയോകെമിസ്ട്രി, ബയോഫിസിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1737/2019)

2019 ജൂലൈയിൽ സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1738/2019)

## എം.ജി.യിൽ രാജ്യാന്തര ആംഗ്യഭാഷ ദിനാഘോഷം

## 'ആംഗ്യഭാഷ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം'

ആംഗ്യഭാഷ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാവർക്കും പഠിക്കാനും പരിശീലിക്കാനുമുള്ള അവസരം ഉണ്ടാകണമെന്ന് മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റംഗം ഡോ. എ. ജോസ് പറഞ്ഞു. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയും സംയുക്തമായി സംഘടിപ്പിച്ച രാജ്യാന്തര ആംഗ്യഭാഷ ദിനാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സൗജന്യ ശ്രവണസഹായ ഉപകരണങ്ങൾ അദ്ദേഹം വിതരണം ചെയ്തു. ഡയറക്ടർ ഡോ. രാജീവ് കുമാർ അധ്യക്ഷത വഹിച്ചു. ഐ.ആർ.എൽ.ഡി. ഡയറക്ടർ ഡോ. കെ.എം. മുസ്തഫ, അധ്യാപിക സുല്വ നൗഷാദ് എന്നിവർ പ്രസംഗിച്ചു. ആംഗ്യഭാഷയിൽ നടത്തിയ ഗവേഷണവുമായി ബന്ധപ്പെട്ട് എം.എം. അനഘ, നാജിയ, ശ്രീജി ഷാജി, റമിസ റഹ്മാൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയും സംയുക്തമായി സംഘടിപ്പിച്ച രാജ്യാന്തര ആംഗ്യഭാഷ ദിനാഘോഷം സിൻഡിക്കേറ്റംഗം ഡോ. എ. ജോസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/1739/2019)

## 'ഭക്ഷണം; പ്രകൃതികൃഷിയും കാലാവസ്ഥ വ്യതിയാനവും'; പ്രഭാഷണം ഇന്ന്

അമേരിക്കയിലെ തെറാപ്യൂട്ടിക് റേഡിയോളജി, ആയുർവേദ-യോഗ വിദഗ്ധ ആൻ മേരി ഹൊളാഡേ 'ഭക്ഷണം; പ്രകൃതികൃഷിയും കാലാവസ്ഥ വ്യതിയാനവും' എന്ന വിഷയത്തിൽ നടത്തുന്ന പ്രഭാഷണ പരിപാടി ഇന്ന് (സെപ്റ്റംബർ 27) സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സെമിനാർ ഹാളിൽ നടക്കും. ഉച്ചകഴിഞ്ഞ് 3.30ന് നടക്കുന്ന പരിപാടിയിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും.

(പി.ആർ.ഒ./39/1740/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ